(ഡി) നദീതീര സംരക്ഷണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും വേണ്ടി മാത്രമാണ് റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നത്. മറ്റെന്തെങ്കിലും ആവശ്യങ്ങൾക്കായി ടി തുക വിനിയോഗിക്കുന്നതിന് നിലവിലുള്ള ചട്ടങ്ങളിൽ വ്യവസ്ഥയില്ല.

റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണം

127 (3874) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിനായി പത്തനംതിട്ട ജില്ലാ സമിതി അംഗീകരിച്ച് സംസ്ഥാന സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ച മണിമല, അച്ചൻകോവിൽ, പമ്പ എന്നീ നദികളിലെ ഇത്തവണത്തേതുൾപ്പെടെ കഴിഞ്ഞ 4 വർഷത്തെ പ്രവൃത്തികൾ ഏതൊക്കെ എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ എത്രയെണ്ണത്തിന് സംസ്ഥാന സമിതി അംഗീകാരം നൽകി; അംഗീകാരം ലഭിച്ച പ്രവൃത്തികളുടെ പേരും തുകയും നദിയും സഹിതം വിശദാംശങ്ങൾ വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തികളിൽ ശേഷിക്കുന്ന മറ്റ് പ്രവൃത്തികൾക്ക് സംസ്ഥാന സമിതി അംഗീകാരം നൽകാതിരുന്നതിന്റെ കാരണം വിശദമാക്കാമോ ; പ്രവൃത്തികൾക്ക് അംഗീകാരം നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്തെന്ന് വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാന സമിതി മാറ്റിവച്ച പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) സംസ്ഥാന സമിതി അംഗീകാരം നൽകിയ പ്രവൃത്തികളിൽ ഏതൊക്കെ പൂർത്തിയായി ; അംഗീകാരം ലഭിച്ച ഓരോ പ്രവൃത്തിയുടെയും പുരോഗതി വിശദമാക്കാമോ ;

(എഫ്) വടശ്ശേരിക്കരയിലെ പേണാട്ടുകടവിൽ ക്രോസ് വേ നിർമ്മിക്കുന്നതിനായി നേരത്തെ ആർ.എം.എഫ്.-ൽ അനുമതി നൽകിയിരുന്ന ഒരു കോടി രൂപയുടെ പ്രവൃത്തി നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത തുക എന്തുചെയ്തു ; ഇതിനുപകരമായി ഏതെങ്കിലും പ്രവൃത്തി നടപ്പാക്കിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ

128 (3875) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ പ്രകാരം ഏതെല്ലാം ജില്ലാ കളക്ടർമാരാണ് ഭൂമി ഉപയുക്തമാക്കുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര ഹെക്ടർ ഭൂമി ഇത്തരത്തിൽ ഉപയുക്തമാക്കി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

മഴക്കാല അപകടസാധ്യതകൾ കുറയ്ക്കുന്നതിന് മുൻകരുതലുകൾ

129 (3876) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ മഴക്കാല അപകട സാധ്യതകൾ കുറയ്ക്കുന്നതിന് ആവശ്യമായ മുൻകരുതലുകൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ജില്ലയിൽ ദുരന്തനിവാരണ വകുപ്പിന്റെ പ്രത്യേക ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആവശ്യമായ ജീവനക്കാരും ഉപകരണങ്ങളും ലഭ്യമാണോ ;

(ഡി) രക്ഷാ പ്രവർത്തനത്തിന് ആവശ്യമായ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭം നേരിടുന്നതിലേയ്ക്കായി വകുപ്പ് മേധാവികൾക്കും ജില്ലാ കളക്ടർമാർക്കും 2-6-2015 തീയതിയിലെ 29426/K1/2015/ ഡി.എം.ഡി. കത്ത് പ്രകാരം 29 നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) ജില്ലയിൽ ദുരന്ത നിവാരണ വകുപ്പിന്റെ പ്രത്യേക ഓഫീസ് പ്രവർത്തിക്കുന്നില്ല. എന്നാൽ ജില്ലാ അടിയന്തര പ്രതികരണ കേന്ദ്രം കളക്ടറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും പ്രവർത്തനസജ്ജമാണ്.

(സി) ലഭ്യമാണ്, കളക്ടറേറ്റിലുള്ള ജീവനക്കാരെയാണ് ഇതിനായി നിയോഗിച്ചുവരുന്നത്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിൽ അതോറിറ്റി നേരിട്ട് ഉപകരണങ്ങളൊന്നുംതന്നെ സ്ഥാപിച്ചിട്ടില്ല. എന്നാൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഫയർ & റസ്ക്യൂ സർവ്വീസസിന് 4,26,571 രൂപ വില വരുന്ന ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. ആയത് പ്രവർത്തനസജ്ജമാണ്.

(ഡി) ഉണ്ട്. ജില്ലാ ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുകയും ആയതുപ്രകാരം അടിയന്തര ഘട്ടങ്ങളിൽ ഫയർ & റസ്ക്യൂ സർവ്വീസസ്, പോലീസ് വകുപ്പ്, ആരോഗ്യ വകുപ്പ് തുടങ്ങിയ വകുപ്പുകളുടെ ഏകോപനപരമായ പ്രവർത്തനം ഉറപ്പ് വരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly